# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം : ശ്രീ. ജാഫർ മലിക് IAS)

തിരുവനന്തപുരം

ഉത്തരവ് നം . D2- 6760/18(1) തീയതി : 19/7/2018

======================= =====================

വിഷയം :- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് - വികലാംഗ വിവാഹ ധനസഹായം- മുൻകൂർ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. സ.ഉ.(സാധാ)നം. 215/2007/സാ.ക്ഷേമ,തീയതി. 30.3.2007

2. സ.ഉ.(സാധാ) നം.126/2006/സാ.ക്ഷേമ,തീയതി. 16.3.2006

3. സ.ഉ.(സാധാ) നം.265/2018/സാനീവ,തീയതി. 6.5.18

അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധന സഹായമായി പരാമർശം (1)(2) എന്നിവയ്ക്ക് വിധേയമായി 10,000/- രൂപാ വീതം അനുവദിച്ചു വരുന്നുണ്ട്. ആയതു പ്രകാരം 2017-18 സാമ്പത്തിക വർഷം എല്ലാ ജില്ലകൾക്കുമായി 51.90 ലക്ഷം രൂപ വിതരണം ചെയിതിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം പരാമർശം (3) ഉത്തരവ് പ്രകാരം വികലാംഗ വിവാഹ ധനസഹായ തുക 10,000 രൂപയിൽ നിന്നും 30,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന് 6.5.2018 തീയതി മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

നടപ്പു വർഷവും ongoing സ്കീമുകൾക്ക് ആദ്യപാദത്തിലേയ്ക്ക് ആവശ്യമായ തുക ജില്ലകൾക്ക് മുൻകൂറായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലെയും അർഹതപ്പെട്ട 30 അപേക്ഷകർക്ക് വിവാഹധന സഹായം നൽകുന്നതിനാവശ്യമായ 1,26,00,000/-(ഒരു കോടി ഇരുപത്തിയാറ് ലക്ഷം രൂപാ മാത്രം) (30X 30,000X14) രൂപ ജില്ല കൾക്ക് മുൻകൂറായി അനുവദിച്ച് ഉത്തരവാകുന്നു. ടി തുക അർഹതപ്പെട്ട അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ തുക വിതരണം ചെയ്ത് നടപടി ക്രമങ്ങളുടെ പകർപ്പ് സഹിതം ചെലവഴിച്ച തുകയുടെ വിശദവിവരം നിശ്ചിത

Dh

പ്രൊഫോർമയിൽ യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം തുക വർദ്ധിപ്പിച്ച പ്രാബല്യ തീയതി 6.5.18 ആയതിനാൽ ടി തീയതിയ്ക്ക് ശേഷം നടന്ന വിവാഹങ്ങൾക്ക് മാത്രമേ 30,000/- രൂപ (വർദ്ധിപ്പിച്ച തുക) അനുവദിക്കുവാൻ പാടുള്ളൂ. ടി തീയതിയ്ക്ക് മുൻപ് നടന്ന വിവാഹങ്ങൾക്ക് ധനസഹായമായി 10,000/- രൂപ മാത്രം അനുവദിച്ചാൽ മതിയാകും . അധിക തുക ആവശ്യമുള്ള പക്ഷം, ജില്ലാ കാര്യാലയങ്ങളിൽ നിന്നും അറിയിക്കുന്ന പ്രകാരം ഫണ്ട് ലഭ്യതക്കനുസരിച്ച് അധിക അലോട്ട്മെന്റ് അനുവദിക്കുന്നതാണ്.

വികലാംഗ വിവാഹധന സഹായം വിതരണം ചെയ്യുന്നതിനാവശ്യമായ 1,26,00,000 രൂപ , (ഒരു കോടി ഇരുപത്തിയാറ് ലക്ഷം രൂപാ മാത്രം) ഒരു ജില്ലയ്ക്ക് 9,00,000/- രൂപാ (ഒൻപത് ലക്ഷം രൂപ മാത്രം) എന്ന ക്രമത്തിൽ നടപ്പ വർഷത്തെ 2235-60-200-83 (p) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

<u>പകർപ്പ്.</u>

1) സൂപ്രണ്ട് എ സെക്ഷൻ
2) സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

Dh

District:

## Scheme / project fund progress report 2018-19

PH:

| Individual Benefit Schemes Implemented by DSJO | Scheme Providing Funds for NGOs/ Institutions/ Agencies | Total Amount Received 2018-19 | Expenditure 2018-19 | Balance Available 2018-19 | Total No of beneficiaries | Male | Female | Allocation Needed, IInd Phase | Remarks |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

Name & Signature of DSJO

dbla.